2011
ഡിസംബർ

Reg. No. 29542/76
Vol. 34. No: 12

# HIGHRANGE ECHO

ബ്രദറൺ ഗോസ്പൽ ടീമിന്റെ മുഖപത്രം

**മുഖം**

## സുവിശേഷ പങ്കാളിത്തം

സുവിശേഷത്തിൽ ഒരു പങ്കാളിയാകേണ്ടതിനു ഞാൻ സകലും സുവിശേഷം നിമിത്തം ചെയ്യുന്നു.1കൊരി.9.23പ്രേഷിത രണാങ്കത്തിലെ പ്രാജ്വല താരമായ പൗലോസ് അപ്പൊസ്തലന്ജീവിതത്തിൽ ഒരു ലക്ഷ്യമേ ഉണ്ടായിരുന്നുള്ളു.സുവിശേഷത്തിൽ ഒരു പങ്കാളിയാകണം. ഏത് വിധത്തിലും ചിലരെ രക്ഷിക്കണം.താൻ ഓടിയതും അദ്ധ്വാനിച്ചതുമെല്ലാം സുവിശേഷം നിമിത്തമായിരുന്നു.സുവിശേഷത്തെ എന്റെ സുവിശേഷം എന്നാണ് താൻ വിശേഷിപ്പിക്കുന്നത് (റോമർ 2.16) താൻ രൂപം കൊടുത്ത ഒരു സിദ്ധാന്തം എന്നനിലയിലല്ല, താൻ കെട്ടിപ്പെടുത്ത പ്രസ്ഥാനം എന്ന നിലയിലുമല്ല,തനിക്ക് ഉൾകൊള്ളുവാൻ കഴിഞ്ഞ ദൈവശക്തി എന്ന നിലയിൽമാത്രമായിരുന്നു. വിരോധംകൊണ്ട് ക്രിസ്തുവിനെ പ്രസംഗിക്കുന്നവരെപ്പോലും താൻ വിരോധിച്ചില്ല.ഏതു വിധേനയും ചിലർ രക്ഷിക്കപ്പെടട്ടെ ദൈവനാമം മഹിമപ്പെടട്ടെ-അതായിരുന്നു തന്റെ മനോഭാവം.സുവിശേഷവേലയിൽ ഒരു ലീഡറാകാനല്ല , കേവലം ഒരു പങ്കാളി-യാകുവാനാണ് പൗലോസ് ആഗ്രഹിച്ചത്. പങ്കാളി എന്ന വാക്കുകൊണ്ട് താൻ എന്താണ് അർത്ഥമാക്കിയത്? എനിക്കു ഒറ്റക്കു തീർക്കുവാൻകഴിയുന്നതല്ല ഈ ദൗത്യം-എന്ന സമ്മതം. എന്റെ പങ്ക് കുറച്ചു മാത്രംഎന്ന ചിന്ത മറ്റുള്ളവരേയും തുല്യപങ്കാളി കാണുവാനുള്ള ഉൾകാഴ്ചവേലയിൽ മാത്രമല്ല.അതിന്റെ പ്രതിഫലത്തിലുമുള്ള പങ്കാളിത്വത്തെക്കുറിച്ചും പൗലോസ് ബോധവാനായിരുന്നു. എനിക്കു മാത്രമല്ല. അവന്റെപ്രത്യക്ഷതയിൽ പ്രിയം വച്ച ഏവർക്കും കൂടെ (2തിമൊ.4.8) എന്ന വാക്യത്തിൽ ഈ വസ്തുത വ്യക്തമാണ് നമുക്കുണ്ട് നിരവധി സുവിശേഷയത്നങ്ങൾ,സംഘടിതശ്രമങ്ങൾ

അഭിജാതരുടെ മാത്രം സംഘടന, ധനാഢ്യരുടെ വക നേതാവിൽകേന്ദ്രീകൃതമായവ,റജിസേറ്റർഡ്, അൺറജിസ്റ്റേർഡ് സംഘങ്ങൾ പലപല പരിഗണനകളിൽ അധിഷ്ഠിതമായ വേലകൾ. ആരെയും അടുപ്പിക്കാതെ മറ്റുള്ളവരെ അകറ്റിനിർത്തി അധികാരക്കസേരകളിൽഅഹന്തയുടെ ദന്തഗോപുരങ്ങളിൽ സ്വാർത്ഥതുടെ ചില്ലുമേടകളിൽ കഴിയുന്ന നമ്മളൊക്കെ താഴേക്കിറങ്ങി കർത്താവിന്റെ പാദപീഠത്തിലമർന്ന് പങ്കാളി എന്ന വാക്കിനെക്കുറിച്ച് ശാന്തമായി ദൈവസന്നിധിയിൽ ഒന്നു ധ്യാനിച്ചിരുന്നെങ്കിൽ സുവിശേഷ പോർക്കളത്തിൽ ഒന്നിച്ചു പ്രവർത്തിക്കുന്ന കൂട്ടുപടയാളികളെ ഒന്നു കടാക്ഷിക്കാൻ മനസ്സില്ലാതെ.ഒരുവാക്ക് ഉരിയാടാതെ ഒന്നു പുഞ്ചിരിക്കുകപോലും ചെയ്യാതെ നിന്റെ പേരിൽ ഞങ്ങൾ ചെയ്യും വേലകൾ തിരു നാമവും ധരിച്ചു ചെയ്യും ക്രിയകൾ എന്നു നീട്ടി പാടുകയും ഭാരത-സുവിശേഷീകരണത്തെക്കുറിച്ച് വാതോരാതെ പ്രസംഗിക്കുകയും ചെയ്യുന്ന നമ്മൾ സ്വയ പരിശോധ-നക്കും ശുദ്ധീകരണത്തിനും ഒന്നു തയ്യാറായെങ്കിൽ ആ തർസോസു-കാരന്റെ മനോഭാവം ഒന്നു പകർത്തിയെങ്കിൽ, എങ്കിൽ നമ്മൾ സ്വപ്നംകാണുന്ന കാര്യങ്ങൾ യാഥാർത്ഥ്യമായേനേ പ്രാർത്ഥനകൾക്ക് ഉത്തരം ലഭിച്ചേനേ! ചെവിയുള്ളവൻ കേൾക്കട്ടെ.

K.C.M.

## മാത്തൂച്ചായൻ



"മലയാളികൾ സാക്ഷരരും ബുദ്ധിരാക്ഷസരുമാണെന്നാണ് അഭിമാനം!"

"അത് തെറ്റാണ്, മലയാള നാട്ടിലെ വെള്ളം തമിഴ്നാട്ടിൽ കൊണ്ടുപോയി കരണ്ടുണ്ടാക്കുകയും അതുകൊണ്ട് പച്ചക്കറികൾ കീടനാശിനിയിൽ കുളിപ്പിച്ച് കോടികൾ വാരുന്നവരല്ലേ സാക്ഷാൽ ബുദ്ധിമാന്മാർ."

# പ്രാദേശിക സഭകൾ നിലവിളക്കുകൾ

കെ. സി. മാത്യു.

**എ**ന്റെ വലംകൈയ്യിൽ കണ്ട നക്ഷത്രത്തിന്റെ മർമ്മവും ഏഴു പൊൻവിളക്കിന്റെ വിവരവും എഴുതുക. ഏഴു നക്ഷത്രം ഏഴു സഭകളുടെ ദൂതന്മാരാകുന്നു. ഏഴു നിലവിളക്ക് ഏഴു സഭകൾ ആകുന്നു എന്നു കല്പിച്ചു.

കർത്താവായ യേശുക്രിസ്തുവിന്റെ രക്തത്താൽ പാപമോചനം പ്രാപിച്ചവരും ഒരു പ്രത്യേക സ്ഥലത്തു കൂടിവരുന്നതും, പുതിയ നിയമാനുഷ്ഠാനങ്ങളായ സ്നാനവും കർത്തൃമേശയും ആചരിക്കുന്നവരും മൂപ്പന്മാരാൽ പരിപാലിക്കപ്പെടുന്നവരുമായ വിശ്വാസികളുടെ കൂട്ടമാണ് പ്രാദേശിക സഭ.

സാർവ്വത്രീക സഭയുടെ ഭാഗങ്ങളാണ് പ്രാദേശിക സഭകൾ. കുറച്ചു കൂടി വ്യക്തമായി പറഞ്ഞാൽ, പ്രാദേശിക സഭകളുടെ ആകെത്തുകയാണ് സാർവ്വത്രിക സഭ. ലോകത്തിന്റെ നാനാഭാഗത്തുമുള്ള ജനങ്ങൾ രക്ഷിക്കപ്പെട്ടു പ്രാദേശിക സഭയോടു ചേരുമ്പോൾ തന്നെ അവർ സാർവത്രിക സഭയുടെ അംഗങ്ങളുമാകുന്നു. പുതിയ നിയമത്തിന്റെ താളുകളിൽ അനേക പ്രാദേശിക സഭകളെ കാണുന്നു. യെരുശലേം സഭയാണ് ഒന്നാമത്. അന്ത്യോഖ്യാ, എഫെസോസ്, കൊരിന്ത്, ക്രേ.ക്രേ., തെസ്സലോനീക്യ ഗലാത്യ സഭകൾ, റോമിലെ സ്ഥലം സഭകൾ, അക്വിലാവ് (1 കൊരി. 16:19) നുംഫെ (കൊലോ. 4:15) മറിയ (അപ്പോ. 12:12) ലുദിയാ (അപ്പൊ. 16:15, 40) അക്വിലാവ് (റോമ. 16:19) ഫിലോമോൻ (ഫിലെ. 2) എന്നിവരുടെ വീട്ടുസഭകൾ, യഹൂദ്യയിലെ ദൈവസഭകൾ (1 തെസ്സ. 2:14) ആസ്യയിലെ സഭകൾ (വെളി. 1:11).

സാർവ്വത്രീകസഭ മാനുഷിക പ്രയത്നങ്ങളാൽ ഉളവായതല്ല. യരുശലേമിലെ 120 പേരുടെ സംഘം ഒന്നിച്ചു കീടിയിരുന്നു. പെട്ടെന്നു കൊടിയ കാറ്റടിക്കുന്നതുപോലെ ആകാശത്തുനിന്നു ഒരു മുഴക്കം ഉണ്ടായി അവർ ഇരുന്നിരുന്ന വീടു മുഴുവനും നിറച്ചു അഗ്നിജ്വാലപോലെ പിളർന്നിരുന്ന നാവുകൾ അവർക്കു പ്രത്യക്ഷമായി അവരിൽ ഓരോരുത്തന്റെ മേൽ പതിഞ്ഞു. പരിശുദ്ധാത്മാവിൽ സ്നാനം കഴിപ്പിക്കുന്നവനായ (യോഹ. 1:33) കർത്താവായ യേശുക്രിസ്തു തന്റെ സാർവ്വത്രിക സഭയുടെയും പ്രാദേശിക സഭയുടെയും പണി സമാരംഭിച്ചു. തുടർന്ന് കർത്താവു രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭയോട് ചേർത്തുകൊണ്ടിരുന്നു. ഇന്നും കർത്താവ് അത് ചെയ്യുന്നു. സാർവ്വത്രിക സഭ അദൃശ്യസഭ, പ്രാദേശിക ദൃശ്യ സഭ.

സാർവ്വത്രിക സഭയുടെ വൈശിഷ്ട്യം

1. ക്രിസ്തു സഭയെ സ്നേഹിച്ചു അവർക്കുവേണ്ടി തന്നെത്താൻ ഏൽപ്പിച്ചുകൊടുത്തു. (എഫെ. 5:25–27).

2. ദൈവം സഭയെ ക്രിസ്തുവിൽ തിരഞ്ഞെടുത്തത് ലോകസ്ഥാപനത്തിനു മുമ്പേയാണ്. (എഫെ. 1:4) മറ്റൊരു ഗണത്തേയും ഇപ്രകാരമൊരു പ്രസ്താവനയില്ല.

3. ദൈവത്തിന്റെ കൃപാ മഹത്വത്തിന്റെ പുകഴ്ചയാണ് സഭ. എഫെ. 1:16.

4. സത്യത്തിന്റെ തൂണും അടിസ്ഥാനവുമായി ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവാലയമാണ് സഭ (1 തിമോ. 2:15).

5. കർത്താവിന്റെ കാന്തയാണ് സഭ കുഞ്ഞാടിന്റെ കല്യാണം സ്വർഗ്ഗത്തിൽ നടക്കും. വെളി. 19. കുഞ്ഞാടിന്റെ കല്യാണം വന്നുവല്ലോ. അവന്റെ കാന്തയും തന്നെത്താൻ ഒരുങ്ങിയിരിക്കുന്നു. വെളി. 19:7

**സാർവ്വത്രിക സഭയും പ്രാദേശിക സഭകളും**

സഭ- സാർവ്വത്രിക സഭയെന്നോ പ്രാദേശിക സഭയെന്നോ എങ്ങനെ വിളിച്ചാലും രണ്ടും ആരംഭിച്ചത് ഒരേ നാളിലും (പെന്തെക്കോസ്തു നാളിൽ) ഒരേ സ്ഥലത്തും (യെരുശലേമിൽ) ആണ്. ജാതി, ഭാഷ, വർഗ്ഗം,

*(ശേഷം 3-ാം പേജിൽ)*

# നിലവിളക്കുകൾ ദീപ്തി പരത്തുക

**നിലവിളക്കുകളുടെ നടുവിൽ നിൽക്കുന്ന മനുഷ്യപുത്രനെ കാണട്ടെ!**

വെളി. 1:13, 20

എ.ഡി. ജേക്കബ്

**എ**ന്താണ് ചില സ്ഥലംസഭകൾ വളരുന്നതും മറ്റു ചിലതു വരളുന്നതും? വരണ്ട നിലം, മഴയില്ലായ്മ, വളംഇല്ലായ്ക എല്ലാറ്റിനും പുറമെ സന്നദ്ധതയുള്ള വേലക്കാരുടെ ദൗർലഭ്യം ഇവയാണ് കാരണം. ചില രാജ്യങ്ങൾ സന്ദർശിക്കുമ്പോൾ വളരെ ആകർഷകമായി തോന്നുന്നത് സർവ്വദാ പച്ചയായ ഭൂപ്രകൃതിയും ജലാശയങ്ങളുമാണ്. വരണ്ടതായ ഭൂ പ്രദേശങ്ങൾ സന്തോഷമുണ്ടാക്കുന്നില്ല. പച്ചയായ പുൽപുറങ്ങളും വരണ്ടതും നിർജ്ജീവമായ ഭൂവിഭാഗങ്ങളും തമ്മിൽ എന്തൊരന്തരം? വളമുള്ള മണ്ണിൽ കൃഷി ചെയ്താൽ വളർച്ച വേഗത്തിലും, ഫലം നിശ്ചയവുമായിരിക്കും. എന്നാൽ തുടർച്ചയായി കൃഷി ചെയ്യുന്ന മണ്ണിൽ വളക്കൂറ് കുറയുന്നു. ഈ ശാസ്ത്രീയ പ്രമാണം കനാന്യശാസ്ത്രത്തിൽ മോശെ യിസ്രയേൽ ജനങ്ങൾക്കു നൽകിയിരുന്നു. (ലേവ്യ. 25)കൃഷി വളമിടുന്നത് കേവലം മണ്ണിന്റെ മേൽപരപ്പിൽ മാത്രമിട്ടാൽ വിളവും ഫലവും കുറഞ്ഞിരിക്കും. കൂട്ടണമെങ്കിൽ വളരെ വേരുകൾ ചെന്നെത്തുന്ന ആഴത്തിൽ ഇട്ടുകൊടുത്തേ സാധിക്കൂ.

പഠിക്കാൻ താല്പര്യമുള്ളവരും, വചനം പഠിപ്പിക്കാൻ കഴിവുള്ളവരുമായവരുടെ അംഗത്വവും ഉള്ള സ്ഥലസഭാംഗങ്ങളെ നോക്കുക. വളർച്ചയുടെ പാതയും പോക്കും അതിൽ നിന്നറിയാം. ഒന്നും ഇനിയും പഠിക്കാൻ ഇല്ല. എല്ലാതികഞ്ഞവരാണെന്നഭിമാനിക്കുന്ന സ്വയനീതിക്കാരും, എല്ലാം പഠിപ്പിക്കാൻ കഴിയുന്ന ഉപദേഷ്ടകരാണെന്നുള്ള സ്വയം പ്രശംസക്കാരും ധാരാളം സഭകളിൽ സ്ഥാനം പിടിച്ചിരിക്കയാണ്. ഒരു വാക്യത്തിൽ അംശത്തെ പിടിച്ച് തർക്കിക്കാൻ കഴിയുന്ന സാമർത്ഥ്യക്കാരുണ്ട്. ഒരു പ്രാവശ്യം പോലും വേദപുസ്തകം മുഴുവനും ധ്യാനത്തോടും പ്രാർത്ഥനയോടും കൂടെ വായിച്ചിട്ടില്ലാത്തവരാണ് അവരിൽ പലരും. ഉപദേശസത്യങ്ങളും അതിനോടൊപ്പം ജീവിത സാക്ഷ്യവും നിലനിർത്തുന്നവരാണ് സഭയുടെ തൂണുകൾ.

പല സ്ഥലം സഭകളിലും കഴിവുള്ള ഇടയന്മാരില്ലാതെ വരൾച്ച അനുഭവിക്കുന്നു. അതേ സമയം നാലും അഞ്ചും മൈൽ ദൂരത്തു മാത്രം സ്ഥിതി ചെയ്യുന്ന ചില സ്ഥലംസഭകളിൽ പലരും കഴിവുള്ളവരായിരിക്കും. അവർ അയൽ സഭകൾ കൂടെക്കൂടെ സന്ദർശിച്ച് സഹകരിക്കുന്നത് എത്ര അഭികാമ്യമാണ്. എന്നാലും എപ്പോഴും അയൽ സഭകളിൽ നിന്ന് കടം എടുക്കുന്ന നില മാറ്റുവാൻ ശ്രമിക്കണം. "ഒരു വർഷമായി ഞാൻ ആ സ്ഥലം സഭയിൽ പൊയ്ക്കൊണ്ടിരിക്കുന്നു. എനിക്ക് വിശേഷാൽ ഒന്നും കിട്ടിയില്ല. എനിക്കുള്ളത് കൊടുക്കത്തക്ക നിലയിൽ ഒരു അന്തരീക്ഷം സൃഷ്ടിച്ചതുമില്ല." എന്ന് അഭ്യസ്തവിദ്യനായ ഒരു യൗവ്വനക്കാരൻ എന്നോട് പറയുകയുണ്ടായി. അതും ഒരു വരൾച്ചയുടെ ലക്ഷണമാണ്. നല്ല വണ്ണം പ്രാർത്ഥിക്കുവൻ കൃപയുണ്ടാകുക. പ്രബോധിപ്പിക്കാൻ പ്രാപ്തരാകുക. പ്രസംഗിക്കാൻ കഴിവുണ്ടാവുക എന്നതും ഓരോസ്ഥലം സഭയുടെയും ആവശ്യമാണ്. വാർഷിക കൺവൻഷൻ ചില പ്രസംഗകരുടെ കുത്തകയായിക്കൂടല്ലോ. ഓരോ സ്ഥലംസഭകളിലും നേതാക്കന്മാർ (ഒരു നല്ല നേതാവല്ല) ഉയരണം.

കൺവൻഷൻ പ്രസംഗകരേക്കാൾ ശ്രേഷ്ഠമായ പല പ്രസംഗകരും ഉപദേഷ്ടാക്കന്മാരുമുണ്ട്. എന്നാൽ സ്ഥാനം പൊയ്പോകുന്നത് ചിലർക്ക് തീരാദുഃഖമാണ്. അതുകൊണ്ട് പ്രാപ്തന്മാരായ പലപുതിയ സ്ഥലംസഭാ നേതാക്കന്മാരും മറ്റു സുവിശേഷ വിഹിതസഭകളിൽ ക്ഷണിക്കപ്പെടുകയും മാനിക്കപ്പെടുകയും ചെയ്യുന്നതിൽ അവരെ കുറ്റപ്പെടുത്തിക്കൂടാ.

ഒരു വിവാഹ ശുശ്രൂഷയ്ക്ക് 200 മൈലുകൾ അകലെ നിന്ന് ശുശ്രൂഷകൻ വരേണ്ടത് വളർന്ന സഭയുടെ ലക്ഷണമല്ല. സംഖ്യതീരെക്കുറവുള്ള പുതിയ സഭാ കൂടിവരവുകളുടെ നില വേറൊന്നാണ്. ദൂരെ നിന്ന് വിവാഹത്തിനോ ശവസംസ്കാരത്തിനോ വരുന്ന പ്രമാണപ്പെട്ടവർക്ക് മുഖസ്തുതിയും അനർഹമായ മുഖ്യതയും നൽകാറുണ്ട്.

ചില സ്ഥലംസഭകളിൽ വചന നിശ്ചയമുള്ള സഹോദരിമാർ ധാരാളമുണ്ട്. നല്ല അനുഭവമുള്ളവരും. പക്ഷേ അവരുടെ പരസ്യശുശ്രൂഷകൾക്ക് ചില പരിധികൾ ഉണ്ടല്ലോ. വേദാനുസരണമായ ആ പരിധികളിൽ നിന്നുകൊണ്ട് ക്രെംക്രയ സഭയിലെ ശുശ്രൂഷക്കാരത്തി (Deacanes) ഫേബയെപ്പോലെയും (റോമ. 16:1) കൊരിന്തിലും പിന്നീട് എഫെസോസിലും പ്രവർത്തിച്ച പ്രിസ്കില്ലയെപ്പോലെയും (റോമ. 16:3, 1 കൊരി 19:) പ്രവർത്തിക്കാമല്ലോ. ഒരു സ്ഥലം സഭയുടെ വളർച്ചയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളാണിവയൊക്കെ.

**HIGHRANGE ECHO**

എഴുതുക.... അയയ്ക്കുക (വെളിപ്പാട് 1:11) ■ December 2011

*എഡിറ്റോറിയൽ....*

## ഇടുക്കി- പരിഭ്രാന്തിയിൽ

ഭൂമിയുടെ അടിസ്ഥാനങ്ങൾ കുലുങ്ങുന്നു. ഭൂമിപൊടു പൊടെ പൊട്ടുന്നു. ഭൂമി കിറുകിറെ കീറുന്നു; കാവൽമാടംപോലെ ആടുന്നു. അതിന്റെ അകൃത്യം അതിന്മേൽ ഭാരമായിരിക്കുന്നു അതു വീഴും എഴുന്നേൽക്കയുമില്ല (യശ. 24:19, 20)

മനുഷ്യനും അവന്റെ ശാസ്ത്രവും ദൈവശക്തിയുടെ മുൻപിൽ താളടിയാണ് എന്ന് ഭൂലോകർ മനസ്സിലാകുമോ? ഭൂമിയുടെ അടിയിൽ നടത്തിക്കൊണ്ടിരിക്കുന്ന അണുപരീക്ഷണങ്ങൾ അല്ലേ ഇങ്ങനെയുള്ള ഭൂചലനങ്ങൾക്ക് കാരണം എന്ന് ശാസ്ത്രജ്ഞന്മാർ സംശയം പ്രകടിപ്പിച്ചു തുടങ്ങിയിട്ടുണ്ട്. ഭൂകമ്പം അണുശക്തികേന്ദ്രത്തെ ബാധിച്ച ജപ്പാൻ ഇപ്പോഴും അതിന്റെ പ്രതികരണം അനുഭവിക്കുന്നു. കേരളത്തിന്റെ അതിന്നരികെ തമിഴ്നാട് നിർമ്മിച്ച അണു ശക്തികേന്ദ്രത്തിനെതിരെ തമിഴ്നാട്ടുകാരും കേരളവും പ്രതികരിക്കുന്നു.

അണുവിന്റെ ശക്തിക്ക് ഭൂകമ്പത്തെ തടഞ്ഞു നിർത്തുവാൻ അഥവാ അതിജീവിക്കുവാൻ സാധിക്കുമെന്ന് ശാസ്ത്രജ്ഞന്മാർ അവകാശപ്പെടുമോ? "അണു" എവിടെ നിന്നുണ്ടായി? മനുഷ്യന്റെ മൂക്കിലെ ശ്വാസം നിലയ്ക്കുന്നത് ഏതു ശാസ്ത്രത്തിന്റെ ശക്തിയാലാണ്? എല്ലാ ഭൂകമ്പങ്ങൾക്കും പ്രകൃതിക്ഷോഭങ്ങൾക്കും ഒരു പരിധിയുണ്ട്. "എല്ലാറ്റിന്റെയും അവസാനം സമീപിച്ചിരിക്കുന്നു" എന്നും ഇങ്ങനെയാകുന്നു കാര്യത്തിന്റെ സമാപ്തി" എന്നും ദൈവവചനം പണ്ടേ രേഖപ്പെടുത്തിയിട്ടുണ്ട്. 1 പത്രോ 4.7, ദാനി 7.27,28.

ഇടുക്കിയുടെ അടിസ്ഥാന പ്ലേറ്റുകൾക്ക് സ്ഥാനഭ്രംശങ്ങളുണ്ടാകുന്നു. ഇടുക്കി നിവാസികൾ ഉറക്കം കെടുന്നു. 116 വയസ്സുള്ള പടു വൃദ്ധനായ മുല്ലപ്പെരിയാർ ഡാമിൽ ഒറ്റ രാത്രി കൊണ്ട് അഞ്ചടി ഉയർന്ന് അനുവദനീയമായ സംഭരണ ശേഷിയായ 136 അടി പിന്നിട്ടു സ്പിൽവേകളിലൂടെ ഇടുക്കിയിലേക്ക് ഒഴുകുന്നു. ഇടുക്കി ഡാമിൽ ഇനി 18.42 അടി കൂടെ നിറയും. വെള്ളക്കെട്ട് മുതൽ എറണാകുളം വരെയുള്ള 35 ലക്ഷം മനുഷ്യർ പരിഭ്രാന്തിയിൽ! ഈ ദുരന്തം ആരുടെ നിമിത്തം കപ്പൽകാർ ചീട്ടിട്ടുള്ളപ്പോൾ യോനാ വെളിപ്പെട്ടു. കഴിഞ്ഞ മൂന്നു മാസങ്ങളായി ഇടുക്കിയിലെ ലേഖകർ മാധ്യമങ്ങളിൽ "എന്താണ് ഇടുക്കിയിൽ നടന്നത്? നടക്കുന്നത്? എന്ന തലക്കെട്ടിൽ അന്യോന്യം വിഴുപ്പലയ്ക്കലായിരുന്നു. മരുഭൂമിയിലെ ശ്രമനീർതുള്ളികളുടെ വേതനത്തിൽ നിന്ന് കഴിവുള്ളതു ചരതിച്ച് മലയോരങ്ങളിൽ അദ്ധ്വാനിക്കുന്ന പ്രിയ ദൈവദാസന്മാരെ കാണുവാൻ വന്ന പ്രിയ സഹോദരങ്ങൾക്ക് സഹോദരന്മാരെ സന്ദർശിക്കുവാൻ പോയ ജോസഫിന്റെ അനുഭവമാണ് വിലയേറിയ ദാസന്മാർ കൊടുത്തത്.

ആ സഹോദരന്മാരുടെ താൽപര്യം പരിഗണിച്ച് ഒരു കൂടി വരവ് ക്രമീകരിച്ചവരേയും സഹോദരങ്ങളെ കാണുവാൻ ദീർഘ പ്രയാണം ചെയ്തു വന്നവരേയും ചിലരുടെ പണസഞ്ചി ചുമട്ടുകാർക്ക് ഇതൊന്നും പിടിച്ചില്ല. അവർ മാധ്യമങ്ങളിൽ തങ്ങളുടെ തൂലികാ വിലാസങ്ങൾ പ്രസിദ്ധീകരിച്ചു കൃതാർത്ഥരായി സുഷുപ്തിയിലായി.

ഇപ്പോൾ ഇടുക്കി നിവാസികൾ (വിലയേറിയ ദാസന്മാർക്കും) ഉറക്കം കെടുന്നു. പലരും ഇടുക്കി വേല നിർത്തി സങ്കേത നഗരങ്ങളിലേക്കു പോകുവാൻ ചിന്തനത്തിലാണ്.

"അതിന്റെ അകൃത്യം അതിന്മേൽ ഭാരമായിരിക്കുന്നുന്നു. (യശ 24.20)ഹൈറേഞ്ച് എക്കോ പേജുകളിൽ കൂടുതൽ അകൃത്യങ്ങൾ എഴുതുവാൻ പാടില്ലാത്തതിനാൽ വിരമിക്കുന്നു.

വേദനയുടെ മാഹാത്മ്യം - 6

# "നിൻ സ്നേഹമെന്താശ്ചര്യം യേശുപരാ!"



ആനി വിൽസൺ, ന്യൂ ജേഴ്സി

അവർണ്ണനായമായ അളവറ്റ ദൈവസ്നേഹം ഒരു പൈതൽ തന്റെ ജീവിതത്തിൽ അധികമായി രുചിച്ചറിയുമ്പോഴുണ്ടാകുന്ന ആ ദിവ്യാനുഭൂതിയുടെ വിശദീകരണം വാക്കുകളിൽ ഒതുങ്ങുന്നവയല്ല. കാരണം അത് അനുഭവമാണ്.

പലപ്പോഴും ദൈവവുമായുള്ള നമ്മുടെ കൂട്ടായ്മയുടെ അളവ് എത്രയുണ്ടെന്ന് ആ നല്ല പിതാവ് അളന്നു നോക്കാറുണ്ട്. അതിന് ഉപയോഗിക്കുന്ന അളവുകോൽ വേദനാജനകമായിരിക്കാം. മാത്രമല്ല നിനച്ചിരിക്കാത്ത സമയത്ത് ഇത് സംഭവിക്കുന്നതുകൊണ്ട് അത് ഏറ്റുവാങ്ങുവാനുള്ള മനസ്സൊരുക്കവും നമ്മുക്കുണ്ടായിരിക്കില്ല.

വളരെ കർക്കശമായ മതാചാരങ്ങളിലും അനുഷ്ഠാനങ്ങളിലും, പാരമ്പര്യത്തിലും വേരൂന്നി നിന്ന് തലമുറകളോളം പഴക്കമുള്ള ഒരു കത്തോലിക്കാ കുടുംബാംഗമായ ഞാൻ 1980ൽ എന്റെ രക്ഷിതാവിനെ കണ്ടെത്തി. ദൈവം ജീവിക്കുന്നവനെന്ന് അനുഭവത്തിലൂടെ രുചിച്ചറിഞ്ഞതിനു ശേഷം മാത്രമാണ് സകലത്തിനും കാരണം അന്വേഷിക്കുന്ന ദുശ്ശാഠ്യ സ്വഭാവക്കാരിയായ ഞാൻ എന്റെ കർത്താവിനെ സ്വീകരിച്ചത്.വിശ്വാസജീവിതം എന്നെ സംബന്ധിച്ചിടത്തോളം ഒരു പട്ടുമെത്ത അല്ലായിരുന്നു. "നിങ്ങൾക്ക് ലോകത്തിൽ കഷ്ടം ഉണ്ട്" എന്നു അരുളിച്ചെയ്ത ആ നല്ല നാഥന്റെ വാക്കുകൾ ജീവിതത്തിൽ അടിക്കടി അന്വർത്ഥമായിക്കൊണ്ടിരിക്കുന്നു. എന്നാൽ അവയ്ക്കൊക്കെയും അതിമഹത്തായ നീക്കുപോക്കുകളും എന്റെ ദൈവം ഒരുക്കിയിരിക്കുന്നു. ദൈവം എത്രയോ നല്ലവൻ!

യിസ്രായേൽ ജനം തങ്ങളുടെ കഷ്ടതയിൽ യഹോവയായ ദൈവത്തിന്റെ സാന്നിദ്ധ്യം അനുഭവിച്ചറിഞ്ഞതുപോലെ പലപ്പോഴും മരണത്തിന്റെ വക്കോളം എത്തിയ അവസരങ്ങളിൽ എനിക്ക ആശ്വാസവും പ്രത്യാശയും നൽകിയത് എന്റെ കർത്താവിന്റെ വചനങ്ങളത്രെ. " ഞാൻ നിന്നെ ഒരുനാളും കൈവിടുകയില്ല, ഉപേക്ഷിക്കയുമില്ല." എന്നെ തലോടിയും ധൈര്യപ്പെടുത്തിയതും ആ ദിവ്യകരങ്ങളത്രെ! ദൈവത്തിന്റെ ജീവനുള്ള വചനം നമ്മുടെ ജീവിതത്തിൽ യഥാർത്ഥ അനുഭവമായി പരിണമിക്കുമ്പോഴുണ്ടാകുന്ന ആ ദിവ്യ അനുഭൂതി എങ്ങനെ കടലാസിലേക്ക് പകർത്തും എന്ന് എനിക്കറിഞ്ഞു കൂടാ. എങ്കിലും അനേക അനുഭവങ്ങളിൽ നിന്ന് ഒന്നു മാത്രം ഞാൻ താഴെ ഉദ്ധരിക്കട്ടെ.

2000 നവംബർ അവസാനത്തിൽ സകല മനുഷ്യരും ഭയപ്പെടുന്ന കാൻസർ എന്ന മാരകമായ രോഗം എന്നെ കടന്നു പിടിച്ചു. സാധാരണക്കാരെപ്പോലെ അത് അംഗീകരിക്കുവാൻ എനിക്കു മനസ്സു വന്നില്ല. എന്നാൽ എല്ലാ പരിശോധനകളും, എന്റെ രോഗം കാൻസർ എന്നു തന്നെ വെളിപ്പെടുത്തിയതിനാൽ എനിക്ക് അത് സമ്മതിക്കേണ്ടി വന്നു.

ഡോക്ടറുടെ മുൻപിൽ ഞാൻ മൗനം അവലംബിച്ചെങ്കിലും, മടക്കയാത്രയിൽ ഞാൻ എന്റെ നിയന്ത്രണം വിട്ടു കരഞ്ഞു പോയി. എന്നാൽ ഉടനെ തന്നെ ഞാൻ ഒരു ദൈവപൈതലാണെന്നുള്ള സത്യം എന്നെ പിടിച്ചു നിർത്തി... ഞാൻ ഒരു വാക്കു മാത്രം പ്രാർത്ഥിച്ചു. "ദൈവമേ, എന്റെ കരം മുറുകെ പിടിക്കണം."

ഇതു തനിയെ താങ്ങുവാനുള്ള കരുത്ത് എനിക്കില്ല എന്ന് നന്നായറിയാമായിരുന്നു. എന്റെ ഈ ചെറിയ നിലവിളിക്ക് ഉടനെ തന്നെ എനിക്ക് ഉത്തരം ലഭിച്ചു. ഒരു പ്രത്യേക ശക്തി എനിക്കു ലഭിച്ചതുപോലെ തോന്നി. ഞാനെന്റെ കണ്ണുനീർ തുടച്ച് ഉന്മേഷവതിയായിത്തീർന്നു. അതിനുശേഷം ഞാൻ ഈ രോഗത്തിന്റെ കാഠിന്യത്തെ ഓർത്തു കരഞ്ഞില്ല. അതി കഠിനമായ ചികിത്സാക്രമങ്ങളിൽ (കീമോതെറാപ്പി, റേഡിയേഷൻ) കൂടി കടന്നു പോകുമ്പോൾ ദൈവം എനിക്ക് അസാധാരണമായ ധൈര്യം നൽകിയിരുന്നു. സമാധാനവും സന്തോഷവും ഞാൻ അധികമായനുഭവിച്ചു. എന്നെ വീണ്ടെടുത്ത എന്റെ കർത്താവിന്റെ ദിവ്യസ്നേഹം ഞാൻ രുചിച്ചറിഞ്ഞു. ഞാനൊരു രോഗിയാണെന്ന് ചിന്തിച്ചതേയില്ല. ഏകദേശം ഒൻപത് മാസത്തോളം ഞാൻ ചികിത്സയിൽ കഴിഞ്ഞെങ്കിലും ആ നാളുകളെക്കെയും ദൈവവചനം പഠിക്കുവാനും മറ്റനേകം ആത്മീയഗ്രന്ഥങ്ങൾ വായിക്കുവാനും കർത്താവിനുവേണ്ടി എന്റെ തൂലിക ചലിപ്പിക്കുവാനും ദൈവം എനിക്കു കൃപ ചെയ്തു. മാത്രമല്ല ധാരാളം സമയം പ്രാർത്ഥനയിൽ ചെലവഴിക്കുവാനും എനിക്കിടയായിത്തീർന്നു. അർബുദ രോഗം എന്റെ ശരീരത്തെ കാർന്നു തിന്നെങ്കിലും ആത്മാവിൽ ഞാൻ അഭിവൃദ്ധിപ്പെട്ടുകൊണ്ടിരുന്നു. ഈ അനുഭവങ്ങളൊക്കെയും ദൈവത്തിലുള്ള എന്റെ വിശ്വാസത്തെ ഒന്നുകൂടി ദൃഢപ്പെടുത്തി എന്ന് എനിക്കു പറയുവാൻ കഴിയും.

മനുഷ്യജീവിതം ഇന്നു വിടന്ന് നാളെ പൊഴിയുന്ന പുഷ്പം പോലെ ഹ്രസ്വമാണെന്ന് ഈ കാലയളവ് എന്നെ ബോധ്യപ്പെടുത്തി. ആയതിനാൽ ശേഷിക്കുന്ന ജീവിതം കർത്താവിന്റെ വേലയിൽ ഉറ്റിരിക്കുവാൻ ഞാൻ അതിയായി ആഗ്രഹിക്കുന്നു. വളരെ തിരക്കേറിയ ജീവിതചര്യയിൽ നിന്നും അനശ്വരമായ ആത്മീയ അനുഭവങ്ങളിലേക്ക് ദൈവം എന്നെ നടത്തി. ഈ രോഗം ദൈവം എന്റെമേൽ ചൊരിയാനിരുന്ന ആത്മീയ അനുഗ്രഹങ്ങളുടെ ഒരു നാന്ദിയായിരുന്നു എന്ന് എനിക്കു തോന്നുന്നു. അങ്ങനെ രോഗവും ചികിത്സയുമൊക്കെയായി കഴിച്ച നാളുകൾ ദൈവകൃപ അധികമായി അനുഭവിച്ച നാളുകളായിരുന്നു. അതെനിക്കു ഏറെ അനുഗ്രഹകരമായിത്തീർന്നു. ഇതു വായിക്കുന്ന പ്രിയ സഹോദരങ്ങളെ, നിനച്ചിരിക്കാത്ത നിമിഷത്തിൽ താങ്ങാനാവാത്ത പ്രയാസങ്ങളും ദുഃഖങ്ങളും കടന്നുവരുമ്പോൾ കർത്താവിൽ ധൈര്യപ്പെടു. അപ്പോൾ അത് അനുഗ്രഹമായി മാറും.

ലോകത്തിൽ നമുക്ക് കഷ്ടം ഉണ്ട്, എന്നാൽ നമ്മുടെ കർത്താവ് ആ കഷ്ടത്തെ ജയിച്ചിരിക്കയാൽ നമുക്കു വിജയം ഉണ്ട്. ആകയാൽ നമുക്കു സന്തോഷിക്കാം. ഇതൊക്കെയും നമ്മുടെ ദൈവത്തിന്റെ ഉന്നത നാമം മഹത്വപ്പെടാൻ ഇടയായിത്തീരും.

(തുടരും)

## വർഷാന്ത്യചിന്തകൾ

ജിജോ അങ്കമാലി

ദിവസങ്ങൾ തീർന്നുപോകുന്നതെങ്ങനെ? പകലിന് ആയുസ്സു കുറവാണെന്നറിഞ്ഞിട്ടും പിന്നെയും പകലുകളുണ്ടാകുന്നതെന്തിന്? പകലും രാത്രിയും എന്തിനാണ് ദിവസങ്ങളെ പങ്കിട്ടെടുക്കുന്നത്? ഉറങ്ങുന്ന മനുഷ്യൻ ഉണരുന്നതെങ്ങനെ? മാമ്പഴത്തിന് രുചി വരുന്നതെങ്ങനെ? പൂവിന് സൗരഭ്യം വരുന്നതെങ്ങനെ? പ്രകൃതിക്ക് സൗന്ദര്യം വരുന്നതെങ്ങനെ....

ആയുസ്സ് ആവിയാണ്. ദൈവം എന്ത് സൃഷ്ടിച്ചിട്ടുണ്ടെങ്കിലും അതെല്ലാം മനുഷ്യനുവേണ്ടി സൃഷ്ടിച്ചവയാണ്. അതാണ് മനുഷ്യസൃഷ്ടിച്ചുശേഷം പിന്നൊന്നും സൃഷ്ടിക്കാതിരുന്നത്. മനുഷ്യനെപ്പോലും ദൈവം സൃഷ്ടിച്ചത് ദൈവത്തിനുവേണ്ടിയാണ്. ഈ മനുഷ്യന്റെ ആയുസ്സ് അല്പമാക്കിയതെന്തിന്? 'ശ്വാസത്തേക്കാൾ ലഘു' വാക്കിവച്ചതെന്തിന്? മനുഷ്യൻ വേഗം ദൈവത്തിങ്കലേക്ക് ചെല്ലാൻ.

ദിവസങ്ങൾ മരിക്കുന്നു. വർഷങ്ങൾ മറയുന്നു. നാഴികയുടെ പൊഴിച്ചിൽ നാം വളരുകയാണ്. നാം ചുവടുവച്ച് നീങ്ങുന്നത് 'ദൈവത്തിങ്കലേക്ക്' തന്നെയാണോ അതോ ദൈവത്തിങ്കൽനിന്നോ ദൈവം ചുവടുവച്ചടുക്കുന്നത് എക്കാലത്തും മനുഷ്യനിലേക്ക് തന്നെ.

ജീവിച്ചിരിക്കുമ്പോൾ ആരും ആയുസ്സിന്റെ അല്പത്വത്തെക്കുറിച്ച് വിചാരിച്ചാൽ മിനക്കെടാറില്ല. എൺപതും തൊണ്ണൂറും വയസ്സായ അപ്പനപ്പൂപ്പന്മാരെയാണ് നാം വിഭാവന ചെയ്യുന്നത്. പക്ഷേ ഈ തലമുറ അത്രേം എത്തില്ല. അതിനുംമുമ്പെ എന്തേലുമൊക്കെ തീരും. ഒന്നുകിൽ നാം അല്ലെങ്കിൽ ആകെ. എന്താ എങ്ങനെ എഴുതാൻ കാരണമെന്നു പോലും എനിക്കറിയില്ല.

അല്പമെങ്കിലും അറിവ് സമ്പാദിക്കുകയാണേൽ അത് ദൈവത്തെക്കുറിച്ചായിരിക്കണം. ദൈവത്തെ അറിയാത്തവന്റെ അറിവ് അറിവല്ല. ഈ ലോകത്തിൽ ലഭിക്കുന്ന ദൈവികജ്ഞാനം വരും ലോകത്തിലത് ഉപകരിക്കുമോ എന്നറിയില്ല. പക്ഷേ ഈ ലോകവാസത്തിന്റെ ശരിപ്പെടുത്തലിന് അത് ആവശ്യമാണു താനും.

ഈ ലോകത്തിലേക്ക് നാം ജനിച്ചതിനോ, ഈ ലോകത്തു നിന്ന് നാം മാറുന്നതിനോ നാം കാരണക്കാരല്ല. എന്നാൽ വരും ലോകത്തിലെ എല്ലാറ്റിനും കാരണക്കാർ മറ്റാരുമാകയില്ല. ഈ ഉൽബോധനം എന്നെ ഉണർത്താത്തതെന്തേ?

സമൂഹമാണോ നമ്മെ ചിട്ടപ്പെടുത്തുന്നത്? അതോ ദൈവികചിന്തകളോ? അല്പമായ ആയുസ്സിൽ മഹത്വം തേടുന്ന മനുഷ്യൻ അനല്പമായ ജീവിതത്തിൽ മഹത്വമണിയില്ല.

2011 കഴിയുന്നു 2012 പിറക്കുന്നു എല്ലാം ദൈവദാനം. നമ്മളൊക്കെ 11 ൽ തരാഞ്ഞതെന്തേ? എന്തിന് ദൈവം നമ്മെ 12 കാണിക്കുന്നു? ഉദ്ദേശമുണ്ട് സ്നേഹിതാ, ഉദ്ദേശമുണ്ട്. ദൈവം കാരണം കൂടാതെ യാതൊന്നും ചെയ്യില്ല. ആകയാൽ കാരണമറിയുക; ദൈവിക കാരണമറിയുക; ആ കാരണങ്ങളുടെ ഘനമറിയുക ആ കാരണങ്ങളുടെ ഘനമറിയുക. മൂല്യമറിയുക... എങ്കിലേ ജീവിതം സഫലമാകൂ.

വെറുതേ തിന്ന്, കുടിച്ച്, പുളച്ച് വല്ലപ്പോഴും യോഗത്തിന് പോയി, സമയമുണ്ടേൽ വേദപുസ്തകം വായിച്ച് ഒക്കുവാണേൽ പ്രാർത്ഥിച്ച്, ചിലവുകഴിച്ച് വല്ലതുമുണ്ടേൽ ദൈവത്തിനു കൊടുത്തോ.... എന്നു പറഞ്ഞൊന്നും ആരേയും ദൈവം 12 ലേക്ക് കടത്തുന്നില്ല. നിന്നെക്കുറിച്ച് ദൈവത്തിന് ചെറുതല്ലാത്ത പ്രതീക്ഷ ഉണ്ട്. പദ്ധതി ഉണ്ട്. അവ ഏവ എന്നു പറഞ്ഞുതരാനറിയാവുന്ന ആരും ഭൂമുഖത്തില്ല. ആകയാൽ ദൈവത്തോടു തന്നെ ചോദിക്കുക. തീർച്ചയായും ദൈവം നിന്നെക്കുറിച്ചുള്ള തന്റെ ഹൃദയരഹസ്യങ്ങളെ നിനക്കു ബോദ്ധ്യമാക്കും.

പ്രിയനേ, നിന്നെ ദൈവത്തിന് ആവശ്യമുണ്ട്. നിനക്കു ചെയ്യാനാവുന്നവ നിനക്ക് മാത്രമേ ചെയ്യാനാവൂ. പുതുവർഷത്തിന്റെ ദിവസത്തിന്റെ പുതുമയില്ലല്ല. ആത്മാവിന്റെ പുതുക്കത്തിലാണ്. ●

# നിങ്ങൾ ദിവസങ്ങളും കാലങ്ങളും പ്രമാണിക്കുന്നു

ഏരിയൽ

**വ**ർഷാവസാനം സമാഗതമായി. ആവർത്തനവിരസമായ പതിവുചടങ്ങുകൾ വരവായി! ഒരു പുനർവിചിന്തനത്തിനാവശ്യമുണ്ടെന്നു കരുതുന്ന രണ്ടു ചടങ്ങുകളെക്കുറിച്ച് ഉറക്കെ ചിന്തിക്കുകയാണിവിടെ ലേഖകൻ.-(പത്രാധിപർ.)

ഇന്നു നമ്മൂടെയിടയിൽ നടക്കുന്ന കൺവൻഷനുകൾ ആണ്ടുതോറും നടക്കുന്ന ഒരു ചടങ്ങായി മാത്രം അവശേഷിക്കുന്നില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. സമുദായസ്ഥരും ഇതരമതസ്ഥരും ആണ്ടുതോറും പെരുന്നാളുകളും ഉത്സവങ്ങളും ആചരിക്കുന്നു. നാം കൺവൻഷനുകൾ സംഘടിപ്പിക്കുന്നു. എന്തു വ്യത്യാസം? ഒരു ആത്മാവെങ്കിലും രക്ഷ പ്രാപിക്കുന്നുണ്ടോ എന്നു ചിന്തിച്ചാൽ നന്നായിരുന്നു.

നാലു മതിലുകൾക്കുള്ളിൽ തകർപ്പൻ പ്രസംഗങ്ങൾ നടക്കുന്നു. പതിവുപോലെ പതിവുകാർ വരുന്നു കേൾക്കുന്നു, പോകുന്നു. പതിവുപോലെ തന്നെ ആസീസണും തീരുന്നു. സംഘാടകർ (വിശ്വാസികൾ) വിശ്രമത്തിലേക്കും പ്രവേശിക്കുന്നു.

ഇന്നു നമ്മുടെയിടയിൽ അരങ്ങേറുന്ന മറ്റൊരു 'ചടങ്ങിനെപ്പറ്റി കൂടി പറയട്ടെ. വർഷാവസാനം തോറും നടക്കുന്ന 'വാച്ച് നൈറ്റ് സർവ്വീസ്' എന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന ഒരു ആഘോഷം അഥവാ ചടങ്ങാണിത്. വിശേഷിച്ചും കേരളത്തിനു പുറത്തുള്ള സഭകളിലാണ് ഇത് അധികമായി കണ്ടുവരുന്നത്. ഡിസംബർ മാസം 31-ാം തീയതി ഒരുമിച്ചു കൂടി കഴിഞ്ഞ വർഷം കർത്താവിനായി ഒന്നും ചെയ്താൻ കഴിഞ്ഞില്ലെന്നും, എങ്കിലും വലിയവനായ കർത്താവ് എനിക്കു നല്ലവനും വല്ലഭനുമായിരുന്നുവെന്നും, ഈ വർഷം കർത്താവിനായി ചിലതെല്ലാം ചെയ്യാമെന്നുള്ള തീരുമാനത്തിന്റെ ഏറ്റുപറച്ചിലിന്റെയും ഒരു ബഹളമായിരിക്കും ഈ ചടങ്ങിൽ. കൃത്യം 12 മണിക്ക് പ്രധാന മൂപ്പന്റെ അല്ലെങ്കിൽ സുവിശേഷകന്റെ പ്രാർത്ഥനയോടെ ആ ശുഭമുഹൂർത്തത്തിലേക്ക് പുതുവർഷത്തിലേക്ക് പ്രവേശിക്കുകയായി. തുടർന്നു കേക്കുമുറിക്കലിന്റെയും ഉച്ചത്തിലുള്ള അഭിവാദ്യം ചെയ്യലിന്റെയും ഒരു ബഹളമായിരിക്കും നടക്കുക. അതോടെ ആ ചടങ്ങവിടെ അവസാനിക്കുന്നു. വാസ്തവമായ നിലയിൽ പ്രാർത്ഥനയും സ്തോത്രവും നടക്കുന്ന സ്ഥലങ്ങളുണ്ട്. അതു നല്ലതു തന്നെ. പൗലോസ് അപ്പോസ്തലൻ ഗലാത്യരോടു പറഞ്ഞ വാക്കുകൾ വീണ്ടും സ്മരണീയമത്രേ. നിങ്ങൾ ദിവസങ്ങളും മാസങ്ങളും കാലങ്ങളും ആണ്ടുകളും പ്രമാണിക്കുന്നു. ഞാൻ നിങ്ങൾക്കുവേണ്ടി അദ്ധ്വാനിച്ചതു വെറുതെയായി എന്നു ഞാൻ ഭയപ്പെടുന്നു" ഗലാ. 4: 10,11.

മേൽപ്പറഞ്ഞ, 'ചടങ്ങ്' അടുത്ത വർഷവും തുടരുന്നു. നാലു ചുവരുകൾക്കുള്ളിൽ നിന്നുകൊണ്ടുള്ള ഇത്തരം ചടങ്ങുകൾകൊണ്ട് ഉദ്ദേശിക്കുന്ന ഒരു പ്രയോജനവും ലഭിക്കുന്നില്ല എന്നതാണ് സത്യം.

നമ്മുടെ സാക്ഷ്യം (പ്രവർത്തനം) ചുവരുകൾക്കുള്ളിൽ നിന്നും, കെട്ടിയടക്കപ്പെട്ട ചില പ്രത്യേക സ്ഥലങ്ങളിൽ നിന്നും പുറംലോകത്തിലേക്കു നീക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. •

വനിതാ വേദി

# സമയം തക്കത്തിൽ ഉപയോഗിപ്പിൻ

മിസ്സിസ് അന്നമ്മ കോശി B.A., B.Ed.

ഇതു ഭുഷ്ക്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചു കൊൾവിൻ. എഫെ.5.16 ഇറ്റലിയിലെ മിലാൻ നഗരത്തിലുള്ള ഭീമാകാരമായ പള്ളികളിൽ ഒന്നിനു മനോഹരങ്ങളായ മൂന്നു പ്രവേശനദ്വാരങ്ങളുണ്ട് ഒരോന്നിന്റെ മുകളിൽ ചിന്തോദ്ദീപകമായ മുദ്രാവാക്യങ്ങൾ

അലങ്കാരികമായി കൊത്തിവെച്ചിട്ടുള്ള ഗംഭീരമായ ആർച്ചുകൾ പടു-ത്തുയർത്തിയിട്ടുണ്ട്.ഒന്നിനു മുകളിൽ,കരിങ്കല്ലിൽ കൊത്തിവെച്ചി-ട്ടുള്ള ഒരു റോസാപുഷ്പചക്രമാണ്. "സന്തോഷിപ്പിക്കുന്ന എല്ലാ കാര്യങ്ങളും ഒരു നിമിഷനേരത്തേക്കു മാത്രം" എന്നു എഴുതിവെച്ചിരിക്കുന്നു അടുത്ത കവാടത്തിൽ ഒരു കുരിശും താഴെ ദു:ഖിപ്പിക്കുന്ന "എല്ലാകാര്യങ്ങളും ഒരു നിമിഷനേരം-ത്തേക്കു മാത്രം'' എന്ന് മുദ്രണം ചെയ്യപ്പെട്ട വാചകവും കാണാം "നിത്യമായുള്ളതു മാത്രമാണ് പ്രധാനം'' എന്ന് പ്രധാന ആർച്ചിന്റെ മുകളിൽ കൊത്തിവെച്ചിരിക്കുന്നത് കാണികളെ ഏറ്റവുമധികം ചിന്തിപ്പിക്കുന്നു.സമയം വേഗത്തിൽ പറന്നു പോകുന്നു.ഒന്നുകിൽ അത് ശരിയായി ഉപയോഗിക്കണം.അല്ലെങ്കിൽ നഷ്ടപ്പെടും.2011-ലേക്ക് തിരിഞ്ഞു നോക്കുക.

ജീവിതം,ദിവസങ്ങളും മണിക്കൂറുകളും കൊണ്ടല്ല സ്മരണകൾ കൊണ്ടാണ് അടയാളപ്പെടുത്തേണ്ടത്.ആദ്യം നാം ക്രിസ്തുവിനെ അറിഞ്ഞത്,നിത്യജീവൻ ലഭ്യമായത്,ജീവിത പങ്കാളിയെ തന്നത്,ആദ്യം നമുക്കൊരു ജോലി ലഭിച്ചത്,നമ്മുടെ ആദ്യത്തെ കുട്ടി ജനിച്ചത്, ഇങ്ങനെ നല്ലതും തീയതുമായ അനേകം സന്തോഷസ്മരണകളും ദു:ഖസ്മരണകളും ജീവിതത്തിലുണ്ട്. ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദു:ഖിപ്പിച്ചത്, കർത്തൃകല്പനകൾ ലംഘിച്ചത് നമ്മുടെ സ്മരണയിൽ അടയാളപ്പെടുത്തണം.സത്യത്തിന്റ നിമിഷങ്ങളിൽ കഴിഞ്ഞവർഷത്തിലെ അന്ത്യമാസത്തിലെ ദിനങ്ങളിൽ തിരുസന്നിധിയിൽ തിരിഞ്ഞു നോക്കുക." എന്നെ നന്നായി കഴുകി എന്റെ അകൃത്യംപോക്കണമേ;എന്റെ പാപം നീക്കി എന്നെ വെടിപ്പാക്കണമെ;(സങ്കീ.51.2) ഭാവീദിനെ പോലെ പ്രാർത്ഥിക്കുക.എന്റെ ലംഘനങ്ങളെ യഹോവയോട് ഏറ്റുപറയും എന്നു ഞാൻ പറഞ്ഞു അപ്പോൾ നീ എന്റെ പാപത്തിന്റെ കുറ്റം ക്ഷമിച്ചു തന്നു (സങ്കീ.32.5) ദാവീദ് എന്ന പോലെ നമ്മെ യഥാസ്ഥാപനം രക്ഷിതാവ് നൽകും. സമയം വേഗത്തിൽ പറന്നുപോകുന്നു. ഒന്നുകിൽ അത് ശരിയായി ഉപയോഗിക്കണം അല്ലെങ്കിൽ നഷ്ടപ്പെടും. കഴിഞ്ഞ കാലങ്ങളിലെ സഹായിയും,വരും കാലങ്ങളിലെ നമ്മുടെ പ്രത്യാശയും കൃപയും നൽകിയ രക്ഷാനായകൻ പുതുവത്സരത്തിലേക്കും മതിയായവൻ.ദൈവം തരുന്ന കാലങ്ങളെ തക്കത്തിൽ ഉപയോഗിക്കുന്നവരായി, കാലങ്ങളെ വീണ്ടെടുക്കുന്നവരായിരിക്കാം •

ബാലപംക്തി

# ഞാൻ ആരെന്നു പറയുവിൻ

**എ**ന്നെ ആർക്കും ബഹുമാനമില്ലെങ്കിലും മിക്ക മനുഷ്യരോടും കൂടെ സഹകരിക്കും. ദൈവസന്നിധിയിൽ എനിക്കു പ്രവേശനമില്ല എങ്കിലും അനേകരും എന്നെ കൊണ്ടുപോകാറുണ്ട്. മോശെ, യോശുവ, ദാവീദ് - തുടങ്ങിയ അനേക മഹാത്മാക്കളോടുകൂടെ സഞ്ചരിച്ചിട്ടുണ്ട്. ശിഷ്യന്മാരെ പ്രസംഗത്തിന് അയച്ചപ്പോൾ എന്നെ അനുവദിച്ചിട്ടില്ല. എങ്കിലും പത്രോസിനു കൂടെ കാരാഗൃഹത്തിലുണ്ടായിരുന്നു. മനോഹരമായ വേഷവും അലങ്കാരവും എന്നെ അണിയിക്കാറുണ്ടെങ്കിലും താഴ്ന്നു ജീവിക്കുന്നതാണ് എനിക്കിഷ്ടം. യോശുവയെ കബളിപ്പിച്ച ഗിബയോന്യരോടുകൂടെ ഞാനും പോയിരുന്നു. മിസ്രയീമിൽ പെസഹ ആചരിച്ചപ്പോൾ ഞാനും പങ്കെടുത്തു. മുടിയനായ മകൻ പിതാവിന്റെ ഭവനത്തിൽ വന്നപ്പോൾ ഞാനും അവിടെ ചെന്നു. എന്നെ ചവിട്ടുന്നവരോട് എനിക്ക് വിരോധമില്ല. ഞാനവരെ വഹിക്കുകയേയുള്ളു. എന്നെ തിരിച്ചറിയുന്നവർ ഒരു പോസ്റ്റ് കാർഡിൽ നിങ്ങളുടെ അഡ്രസ്സും എന്റെ പേരും എഴുതി ജോ. അങ്കിൾ, പി. ബി. നമ്പർ. 8, പാമ്പാടി പി.ഒ., 686 502- എഴുതി അയയ്ക്കുക. ശരിയുത്തരം അയയ്ക്കുന്നവർക്ക് സമ്മാനം അയച്ചുതരാം. •

*ഒന്നാം പേജിൽ നിന്നും*

എന്നോ ഒരു വ്യത്യാസവം കൂടാതെ ഏകശരീരത്തിൽ എല്ലാവരും ആത്മസ്നാനത്താൽ ക്രിസ്തുവിന്റെ ശരീരമായ സഭയിൽ ലയിക്കുകയാണ്.

വിശ്വാസികൾ യെരുശലേമിലും യെഹൂദ്യയിൽ എല്ലാടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും ക്രിസ്തുവിന്റെ സാക്ഷികളായി തങ്ങൾ സുവിശേഷവേല ചെയ്ത് വിവിധ സ്ഥലങ്ങളിൽ കർത്താവ് വിളിച്ച് വേർതിരിച്ച സ്ഥലം സഭകളിൽ അപ്പോസ്തലന്മാരും പരിശുദ്ധാത്മാവും സഭകളിൽ സഭതോറും അവർക്കു മൂപ്പന്മാരെ നിയമിച്ചതായും വായിക്കുന്നു. (പ്രവൃ. 14:23). എഫെസോസിലെ മൂപ്പന്മാരെ പൗലോസ് ആളയച്ചു വരുത്തിയതായി പറയുന്ന (പ്രവൃ. 20:17) മൂപ്പനെ, സഭാശുശ്രൂഷകനെ എന്ന് ഏകവചനത്തിലല്ല, "മൂപ്പന്മാരെ" എന്നു ബഹുവചനത്തിലാണ് എഴുതിയിരിക്കുന്നത്. 28 -ാം വാക്യത്തിൽ പരിശുദ്ധാത്മാവ് നിങ്ങളെ അദ്ധ്യക്ഷരാക്കിവെച്ച ആട്ടിൻകൂട്ടം മുഴുവനെയും സൂക്ഷിച്ചുകൊൾവീൻ എന്നു പൗലോസ് അനുശാസിക്കുന്നു. അദ്ധ്യക്ഷൻ എന്ന വാക്ക് എപ്പിസ്ക്കോപ്പൊസ് എന്ന ഗ്രീക്കു വാക്കിന്റെ വിവർത്തനമാണ്. മേൽനോട്ടക്കാരൻ എന്നാണ് അക്ഷരാർത്ഥം ഇംഗ്ലീഷിൽ ഇതിനെ 'ബിഷപ്പ്' എന്ന തർജ്ജമ ചെയ്തിരിക്കുന്നു. പ്രസ്ബിറ്റേഴ്സ് (മൂപ്പന്മാർ) അഥവാ ബിഷപ്പ്സ് (അദ്ധ്യക്ഷന്മാർ) എന്നീ പേരുകൾ ഒരേ ശുശ്രൂഷാഗണത്തെയാണ് കുറിക്കുന്നത്. ഒരു പേര് അവരുടെ സ്ഥാനത്തേയും മറ്റേ പേര് അവരുടെ ജോലിയുടെ സ്വഭാവത്തെയും കാണിക്കുന്നു. മാത്രമല്ല ഒരേ സഭയിൽ തന്നെ ഒന്നിലധികം മൂപ്പന്മാരുണ്ടായിരുന്നു എന്നും ഇതു തെളിയിക്കുന്നു. (തുടരും)

(അടുത്ത ലക്കത്തിൽ പ്രാദേശിക സഭകളുടെ സ്വാതന്ത്ര്യം) (ദൈവസഭകൾ ദൈവവചനത്തിന്റെ വെളിച്ചത്തിൽ" എന്ന പേരിൽ അച്ചടിയിലുള്ള പുസ്തകത്തിൽ നിന്ന്) (2012 ജനുവരിയിൽ പുസ്തക പ്രകാശനം) •

**കേരളത്തിലെ എല്ലാ കൺവൻഷൻ സ്ഥലങ്ങളിലും ഹൈറേഞ്ച് എക്കോയുടെ സ്റ്റാളുകൾ ഉണ്ടായിരിക്കും**

**രാജൂച്ചാനും അമ്മിണീമ്മാമ്മയും**



അച്ചായാ.... നമ്മുടെ കൺവൻഷനിൽ വെളിയിൽ നിന്ന് ഒരാളെയും 3 വർഷങ്ങളായ് എല്ലാ വർഷവും ചില പേരാണുമല്ലയോ കാണുന്നത്.

അമ്മിണീ... ഇതൊന്നും പറയരുത്, പേരു വയ്ക്കാത്ത ഒരു വർഷം കമ്മറ്റിയിൽ 'കശപിശ' ഉണ്ടായി. അതിൽ പിന്നെ അങ്ങനെയാണ്. കൺവൻഷന്റെ പേരിൽ കൂട്ടായ്മയും ഐക്യതയും തുടരണ്ടേ?

# കൺവൻഷൻ നാൾവഴി

**മണ്ണാരത്തറ കൺവൻഷൻ** - ഡിസംബർ 20-25
പ്രസംഗകർ : ചാണ്ടപ്പിള്ള ഫിലിപ്പ്, കെ. വി. മാത്യു, പി. ജി. ജയിംസ്, ബിജു കെ.

**കോട്ടയം കൺവൻഷൻ - 82-ാമത് തിരുനക്കര മൈതാനം**
പ്രഭാഷകർ : ജോസ് മാത്യു, എം. എം. സഖറിയ, ജോൺ കുര്യൻ, ചാണ്ടപ്പിള്ള ഫിലിപ്പ്, വർഗീസ് കുര്യൻ
8.00 പ്രഭാതധ്യാനം, 5 മുതൽ ബൈബിൾ പ്രഭാഷണം, 6 മുതൽ ഗാനശുശ്രൂഷ, 7 മുതൽ സുവിശേഷസന്ദേശം - കൂടാതെ പരസ്യയോഗം, സുവിശേഷക സമ്മേളനം, ബാലസംഗമം, യുവജനസമ്മേളനം, സംയുക്തആരാധന - മാത്യു ഏബ്രഹാം (9446863338)

**റാന്നി കൺവൻഷൻ - നവംബർ 29 ഡിസംബർ 4**
പ്രഭാഷകൻ : ചാൾസ് ജോൺ, ജോൺ കുര്യൻ, വർഗീസ് കുര്യൻ, ചാണ്ടപ്പിള്ള ഫിലിപ്പ്, സ്റ്റീഫൻ ചെറിയാൻ

**കുമ്പനാട് ഡിസംബർ 25- ബ്രദറൺ സഭാമൈതാനം**
പ്രഭാഷകർ - എം. എം. സഖറിയ, ഡോ. ഒ. എം. സാമുവൽ, ജോസ് മാത്യു, ചാണ്ടപ്പിള്ള ഫിലിപ്പ്, വർഗീസ് കുര്യൻ, ജോൺ പി. തോമസ്, സാമുവൽ ബി. തോമസ്, രജു ബെന്നി, ഗാനശുശ്രൂഷ, വിവിധ സമ്മേളനങ്ങൾ, 2011. 1. സംയുക്ത ആരാധന,

**ഇലന്തൂർ നടുവേലിൽ ജംഗ്ഷൻ ഡിസംബർ 9-11.**
പ്രഭാഷകർ. സജി വർഗീസ്, ബിനു മാത്യു

**മഞ്ഞാലുംമൂട് ഡിസം. 26-28**
പ്രഭാഷകർ- ആർ. എസ്. മിശ്ര, ദാനി എസക്കിയേൽ, ബ്രദറൺ സൈമൺ
ഗാനശുശ്രൂഷ - മാറാനാഥാ ഗോസ്പൽ ടീം

**കിളിവയൽ ഡിസം. 22-25**
പ്രഭാഷകർ - ബിനു മാത്യു, ജോസ് മാങ്കുടി, ചാണ്ടപ്പിള്ള ഫിലിപ്പ്

**തൃശൂർ ഡിസം. 1-4 ദിവ്യസന്ദേശം - 2011**
പ്രഭാഷകർ - ബിജു ആലടി, പി. സി. വർഗീസ്

**പങ്ങട - ബഥനി ഗുരുകുലം, ഡിസം. 18-21**
കെ. വി. തോമസ്,

**ഓടക്കാലി 2012 ജനുവരി 12-15**
**പാമ്പാടി - ഗോസ്പൽ മ്യൂസിക് ഫെസ്റ്റ് - പഞ്ചായത്ത് സ്റ്റേഡിയം, ജനുവരി 11-15, 6.30-9.00,** പ്രഭാഷകൻ. ജോസ് മാങ്കുടി, പി. ജി. ജയിംസ്, വർഗീസ് കുര്യൻ, ജോൺ കുര്യൻ, ചാണ്ടപ്പിള്ള ഫിലിപ്പ്, ഗാനശുശ്രൂഷ - മാത്യു ജോൺ, ജെ. പി. രാജൻ, ബാബു ഓടനാവട്ടം, ഫിലിപ്പ് കെ. ആൻഡ്രൂസ്, ജയിംസ് തോട്ടപ്പള്ളി, ബെൻസി ആൻ വർഗീസ്, റിബേക്കാ രാജൻ.

**മേലുകാവ് കൺവൻഷൻ ജനു. 19-21.**
പ്രഭാഷകർ - ജോൺ പി. തോമസ്, വർഗീസ് കുര്യൻ, ഗാനശുശ്രൂഷ ജെ. പി. രാജൻ

**മണർകാട് കവലയ്ക്കു സമീപം - ജനു. 26-29**
പ്രഭാഷകർ - ചാണ്ടപ്പിള്ള, പി. സി. വർഗീസ്, ബ്യൂജി ആലടി, പി. എസ്. തമ്പാൻ
ഗാനശുശ്രൂഷ - ആറന്മുള ബേബി, ജയിംസ് ജോൺ, ജെ. പി. രാജൻ

## ശമുവേലിന്റെ നല്ല അമ്മ

ശമുവേൽ രാജാവിന് ഒരു നല്ല അമ്മ ഉണ്ടായിരുന്നു. അമ്മ തന്റെ മകന് പറഞ്ഞു കൊടുത്ത കാര്യങ്ങൾ സദൃശ്യവാക്യങ്ങൾ 31-ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്രയും നല്ല ഒരു അമ്മയെ ലഭിച്ച ലമുവേൽ രാജാവ് ഭാഗ്യവാനാണ്. ഈ യുഗത്തിൽ ഇത്തരം അമ്മമാരെ ലഭിക്കുന്ന കുട്ടികൾ വളരെ വിരളമാണ്. ഇന്ന് പല അമ്മമാരിൽ നിന്നും കുട്ടികൾക്കു ലഭിക്കുന്നത് ശകാരവാക്കുകളും കുറെ ഭൗതികത്വവും മാത്രം. ജോൺ വെസ്ലിയും മൂന്നു മക്കളും വലിയ പ്രസംഗകരായിരുന്നു. അവരുടെ വീട്ടിൽ ചായസൽക്കാര വേളയിൽ ഒരു അതിഥി ഇപ്രകാരം ചോദിച്ചു. "നിങ്ങളിൽ ഏറ്റവും വലിയ പ്രസംഗകൻ ആരാണ്? അതിന് ഉത്തരം ആയി മക്കളിൽ ഒരാൾ തങ്ങളുടെ അമ്മയുടെ നേർക്ക് വിരൽ ചൂണ്ടി .. നല്ല ഉപദേശം കേട്ടു വളർന്ന മക്കൾ അവരുടെ അമ്മയെ പുകഴ്ത്തുമെന്ന് ലെമുവേൽ പറയുന്നു. സദൃ. 31:28. ഏബ്രഹാം ലിങ്കൻ ഒരിയ്ക്കൽ ഇപ്രകാരം പറയുകയുണ്ടായി 'No man is poor who has had a godly mother' ദൈവഭയമുള്ള മാതാവിന്റെ മക്കളും ദൈവഭയമുള്ള വരായിരിക്കും. സ്പാനിഷ്കാരുടെ ഇടയിൽ പ്രചാരമുള്ള ഒരു ചൊല്ലുണ്ട്. 'An ounce of mother is worth a ton of priest' ഒരമ്മയിൽ നിന്നും കേട്ടതും പഠിച്ചതുമാണ് ജീവിതത്തിൽ ഏറ്റവും അധികം സ്വാധീനം ചെലുത്തുന്നത് വിശ്വാസികളായ അമ്മമാരുടെ ഉത്തരവാദിത്വം എത്രയോ വലുതാണ്. സങ്കീ. 127 3ൽ പറയുന്നത് മക്കൾ യഹോവ തന്ന അവകാശം എന്നാണ്. യഹോവയിൽ നിന്നു ലഭിച്ച ഈ അവകാശം തരിശായിട്ടിടുവാനോ, നല്ല വിത്തു മുളപ്പിക്കുവാനോ മുള്ളും പറക്കാരയും മുളപ്പിക്കുവാനോ കഴിയും. നല്ല വിത്തു മുളപ്പിക്കുവാൻ പറ്റിയ ഏറ്റവും നല്ല സമയം ബാല്യകാലമാണ്. മുള്ളും പറക്കാരയും പ്രത്യേക ട്യൂഷൻ ഒന്നും ആവശ്യമില്ലല്ലോ. ശ്രദ്ധിക്കുക, ദൈവസന്നിധിയിൽ തൂകുന്ന മാതാക്കളുടെ കണ്ണുനീർ കുഞ്ഞുങ്ങളുടെ വളർച്ചക്കുള്ള സിദ്ധൗഷധമാകുന്നു.

### പ്രാർത്ഥനകളിൽ ഓർത്ത് പ്രാർത്ഥിക്കുക

വിശ്വാസത്തോടു കൂടിയ പ്രാർത്ഥന ദീനക്കാരനെ രക്ഷിക്കും കർത്താവ് അവനെ എഴുന്നേൽപ്പിക്കും. യാക്കോബ് 5:15.

പങ്ങട - സഭാംഗമായ ബിജുവിന്റെ ഭാര്യ ബിജിക്ക് തൈറോഡ് സർജറി, ആവശ്യമായിരിക്കുന്നു. സർജറി അനുഗ്രഹമാക്കുവാൻ പ്രാർത്ഥിക്കുക. വയനാട് വൈത്തിരിയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന സുവി. റ്റി.റ്റി. ഏബ്രഹാമിന് സുവിശേഷ വിരോധികളുടെ മർദ്ദനത്താൽ നടുവിന് ക്ഷതമേറ്റു ചികിത്സ തുടരുന്നു.

തൃശൂർ - പി. ആർ വിത്സൻ കാൻസർ രോഗത്തിന് ചികിത്സ തുടരുന്നു.

ഇടുക്കി - സുവി. രാജൻ മാത്യുവിന്റെ ഭാര്യ ലിവറിന് കാൻസറിന് ചികിത്സ തുടരുന്നു.

വാർദ്ധക്യ ക്ഷീണത്തിൽ എം.എം. ജോൺ ഭവനത്തിൽ വിശ്രമിക്കുന്നു.

Printed & Published by K.C. Mathew, Mizpha, Pampady, Kottayam
Design, Lay Out & Printed at Geo Offset, Manarcad, Kottayam
Postal Registration No. KL/KTM/278/2009-11
**Posted at R.M.S. Kottayam on 30.08.2011**

From
**K.C. Mathew, P.B. No.8**
Pampady, Kottayam. Ph: 0481-2508589
Pin: 686 502. E-mail: highrangeecho@gmail.com

To,
Mr/Mrs./Sri.

## കമന്റേഷൻ



തൃശ്ശൂർ - താളിക്കുന്ന് ബ്രദറൺ സഭാംഗമായ കെ. കെ. ഉണ്ണിമോൻ 15 വർഷങ്ങൾക്കു മുമ്പ് ഹൈന്ദവപശ്ചാത്തലത്തിൽ നിന്നും രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ഈ സഭാ കൂട്ടായ്മയിലേക്ക് വന്ന ഒരു സഹോദരനാണ്. തനിക്ക് ഭാര്യയും രണ്ടുമക്കളുമുണ്ട്, അവരും വിശ്വാസത്തിലും സഭയിലെ സജീവ അംഗങ്ങളുമാണ്.


സഹോദരന് സുവിശേഷവേലയ്ക്കുള്ള ദൈവവിളി ഉണ്ടായതിനെ തുടർന്ന് കഴിഞ്ഞ 5 വർഷത്തോളമായി സഭയോട് ചേർന്ന് വിവിധ സ്ഥലങ്ങളിൽ സുവിശേഷത്തിന് സാക്ഷ്യം വഹിച്ചും, സഭയുടെ വിവിധങ്ങളായ ആത്മീയ ശുശ്രൂഷകളിൽ ആത്മാർത്ഥമായി സഹകരിച്ചും വരുന്നു. പ്രിയ സഹോദരൻ പാമ്പാടി ബഥനി ഗുരുകുലത്തിൽ പത്താം ബാച്ചിൽ ദൈവവചന പഠനം ഒന്നാമനായി പഠിച്ചയാളാണ്.

സുവിശേഷവേലയ്ക്കുള്ള പ്രിയ സഹോദരന്റെ വിളിയും ഹൃദയഭാരവും സ്ഥലംസഭയ്ക്ക ബോദ്ധ്യമായതിനാൽ സഹോദരനെ ഒരു സുവിശേഷകനായി സഭ പ്രാർത്ഥിച്ച് അംഗീകരിച്ചിരിക്കുന്നു. അതോടൊപ്പം സഭ സഹോദരനെ കമന്റ് ചെയ്ത് ദൈവജനത്തിനു മുമ്പാകെ പരിചയപ്പെടുത്തുന്നു. ദൈവജനം ഈ സഹോദരനെയും കുടുംബത്തേയും പ്രാർത്ഥനയിൽ ഓർക്കണമെന്നും ശുശ്രൂഷയിൽ പ്രോത്സാഹിപ്പിക്കണമെന്നും കർത്തൃനാമത്തിൽ അഭ്യർത്ഥിച്ചുകൊള്ളുന്നു.

സഭയ്ക്കുവേണ്ടി
സഹോദരന്മാർ : ബാബു വർഗീസ്, വി. എം. ജോസഫ്, സി. പി. മാണി,

*സഹോദരന്റെ വിലാസം*
K. K. Unnimon, Evangelist
Kallingaparambil House
Assarikkad
Murukkumkundu
Thrissur 680571, Kerala.

### മഹത്വത്തിൽ



മൈലപ്ര: കരിംകുറ്റിക്കൽ റിട്ട. കെ.റ്റി. പത്രോസ് സാർ കർത്തൃ സന്നിധിയിൽ ചേർന്നു. നവംബർ 28 തിങ്കളാഴ്ച മൈലപ്ര സ്ഥലം സഭയിൽ നടന്ന ശുശ്രൂഷകൾക്കുശേഷം 12 മണിക്ക് സംസ്കരിച്ചു. ഭാര്യ ബേബി പാണ്ടനാട് കേട്ടേത്ത് കുടുംബാംഗമാണ്. മക്കൾ ജോളി, സാം, എൽസി, ബ്ലസി.

### പബ്ലീഷർ എഴുതുന്നു

**2011 ഡിസംബർ 30ന് മുമ്പ് വരിസംഖ്യ കുടിശ്ശിഖ അടയ്ക്കുന്നത് വീണ്ടും ഓർമിപ്പിക്കുന്നു. രണ്ടു വർഷത്തെ വരിസംഖ്യ 100 രൂപ അയച്ച് പുതിയ ലിസ്റ്റിൽ പേര് ചേർക്കുക. പ്രതികരിക്കാത്തവർക്ക് 2012 ജനുവരി മാസിക ലഭിക്കുന്നതല്ല. താങ്കളുടെ പേരിൽ കുടിശ്ശിഖ ഉണ്ട്. വരിസംഖ്യ, വാർത്തകൾ, സാഹിത്യ കൃതികൾ എന്നിവ K. C. Mathew, P.B.No. 8, Pampady P.O., 686 502 എന്ന അഡ്രസ്സിൽ അയക്കുക. Ph: 0481-2508589.**

## വിട്ടുപിരിഞ്ഞു ക്രിസ്തുവിനോടു കൂടെ മഹത്വത്തിൽ

*സന്തപ്ത കുടുംബാംഗങ്ങളെ ഓർത്തു പ്രാർത്ഥിക്കുക.*
യാക്കോബ് 1.27




**തിരുവല്ല** - പണിക്കർ വീട്ടിൽ ഐപ്പ് ജോസഫ് (ജോയി)ഒക്ടോബർ 19-ന് കർത്തൃ സന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാരം 22-ന് ബാംഗ്ലൂർ ബഥേസ്ഥാ അസംബ്ലിയുടെ ക്രിസ്ത്യൻ സെമിത്തേരിയിൽ നടത്തി. ഭാര്യ മോളി ജോസഫ്, മക്കൾ - സാജൻ, ജോയിസ്, ഡോ. ഷാജി, ദീപ, അലക്സ്, ഷിനു



**ഇടയാറന്മുള** - കുരങ്ങാട്ടുമലയിൽ റിട്ട. പോസ്റ്റ്മാസ്റ്റർ കെ. വി. മാത്യു, നവംബർ 8-ൽ മുംബൈയിൽ നിര്യാതനായി. 10 വ്യാഴാഴ്ച ഇടയാറന്മുള സെമിത്തേരിയിൽ സംസ്കരിച്ചു. . ഭാര്യ പരേതയായ അധ്യാപിക ഏലിയാമ്മ. മക്കൾ മേഴ്സി, ബെന്നി, ബിജു.



**വെള്ളറയിൽ** കരിമുണ്ടത്തിൽ കെ. ജെ. ഫിലിപ്പിന്റെ ഭാര്യ അമ്മിണി 55) നിര്യാതയായി വലിയകുന്നം ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു. മക്കൾ ബിനോയി, ബിനോജ്, ബിനിജ.



**മുംബൈ** - ഇന്ത്യൻ എയർലൈൻസ് ഉദ്യോഗസ്ഥൻ റാന്നി കൊടുകാപ്പള്ളിൽ കെ. എം. ജോയി (77) നിര്യാതനായി. സംസ്കാരം പുനലൂർ ഉളമ്പൽ സയൺ സഭാ സെമിത്തേരിയിൽ സംസ്കരിച്ചു. ഭാര്യ. മേരിക്കുട്ടി. മക്കൾ ആഷ, പ്രീത.



**തെള്ളിയൂർ** അടിച്ചനാകുഴിയിൽ മാർക്കോസ് ഭാര്യ സാറാമ്മ (58) നിര്യാതയായി. സ്ഥലം സഭാ സെമിത്തേരിയിൽ സംസ്കരിച്ചു. മക്കൾ ബിനു, ബിജി.



**പറവൂർ വാഴൂർ** പുളിക്കൽ കല വിൽസൺ തോമസിന്റെ ഭാര്യ ജാകിൻ (47) നിര്യാതയായി. പറവൂർ ചർച്ച് സെമിത്തേരിയിൽ സംസ്കരിച്ചു. മക്കൾ -സ്നേഹ, ആശിഷ, തോമസ്



**കുമ്പനാട്**- ഐരാക്കാവ് വാത്തിത്തറ ഇളപ്പുങ്കൽ പി. സി. ജേക്കബിന്റെ ഭാര്യ നിര്യാതയായി. നവംബർ 16 ബുധനാഴ്ച കുമ്പനാട് സെമിത്തേരിയിൽ സംസ്ക്കരിച്ചു. മക്കൾ- ഡെയ്സി, സ്റ്റാൻലി.